പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3030 10/05/2017-ൽ മറുപടിക്ക്

## ഇ.സി.ജി ടെക്നീഷ്യൻമാരുടെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ ആവശ്യത്തിന് ഇ.സി.ജി ടെക്നീഷ്യന്മാർ ഇല്ലാത്തത് പലപ്പോഴും ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന ഇ.സി.ജി ടെക്നീഷ്യന്മാരുടെ ഒഴിവ് അടിയന്തിരമായി നികത്തുന്നതിനും തസ്തികകൾ ആനുപാതികമായി സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിലുള്ള 2 ഇ.സി.ജി ടെക്നീഷ്യന്മാരുടെ ഒഴിവുകളിൽ ഒന്ന് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒന്ന് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് കീഴിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ തസ്തികകൾ ആർദ്രം മിഷന്റെ കീഴിൽ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ തുടർന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ആഫീസർ